**<u>ശ്രീചിത്രയിൽ ബയോമെഡിക്കൽ ടെക്നോളജിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര കോൺഫറൻസ്</u> :**

തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് (SCTIMST), ബയോമെഡിക്കൽ ടെക്നോളജിയുമായി ബന്ധപ്പെട്ട "ട്രാൻസ്മെഡ്ടെക്-2024" എന്ന അന്താരാഷ്ട്ര സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നു.

മെഡിക്കൽ ടെക്നോളജി ഗവേഷണഫലങ്ങളെ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിലെ പുരോഗതികളും വെല്ലുവിളികളും ചർച്ച ചെയ്യുന്ന "ട്രാൻസ് മെഡ്ടെക്-2024" കോൺഫറൻസ് 2024 ഡിസംബർ 12-14 ദിവസങ്ങളിൽ തിരുവനന്തപുരം ഹോട്ടൽ ഡിമോറയിൽ നടക്കും. സൊസൈറ്റി ഫോർ ടിഷ്യൂ എഞ്ചിനീയറിംഗ് ആൻഡ് റീജനറേറ്റീവ് മെഡിസിൻ (ഇന്ത്യ), സൊസൈറ്റി ഫോർ ബയോമെറ്റീരിയൽസ് ആൻഡ് ആർട്ടിഫിഷ്യൽ ഓർഗൻസ് (ഇന്ത്യ) എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

ഇന്ത്യയിലും വിദേശത്തും ഉള്ള പ്രഗത്ഭരായ അക്കാദമിക് വിദഗ്ദർ, ഗവേഷകർ, ശാസ്ത്രജ്ഞർ, ഡോക്ടർമാർ, വ്യവസായികൾ എന്നിവരുൾപ്പെടെ 300-ഓളം പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ആരോഗ്യപരിരക്ഷയ്ക്ക് മുതൽക്കൂട്ടാവുന്ന മെഡിക്കൽ സാങ്കേതികവിദ്യകളിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ഒരു വേദിയായി ഇത് പ്രവർത്തിക്കും. ടിഷ്യൂ എഞ്ചിനീയറിംഗ്, 3D ബയോ പ്രിൻ്റിംഗ്, ഇൻവിട്രോ ഡയഗ്നോസ്റ്റിക്സ്, റീജനറേറ്റീവ് മെഡിസിൻ, മെഡിക്കൽ ഡിവൈസ് -ഇമ്പ്ലാൻറ് സാങ്കേതികവിദ്യ എന്നിവയിലെ മുന്നേറ്റങ്ങളും ഭാവിയിലേക്കുള്ള ആസൂത്രണങ്ങളും കോൺഫറൻസ് സെഷനുകളിൽ ചർച്ച ചെയ്യപ്പെടും.

ബയോമെഡിക്കൽ ടെക്നോളജിയിലെ ഗവേഷണതലവും പ്രായോഗികതലവും തമ്മിലുള്ള വിടവ് നികത്താൻ TransMedTech-2024 സഹായകമാകും.

തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, അത്യാധുനിക മെഡിക്കൽ സാങ്കേതിക വിദ്യകൾ സ്വന്തമായി വികസിപ്പിച്ചെടുത്ത് രോഗി പരിചരണത്തിൽ പ്രയോജനപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണ്. SCTIMST ആതിഥേയത്വം വഹിക്കുന്ന TransMedTech-2024, മെഡിക്കൽ ടെക്നോളജി മേഖലയിൽ വലിയ സംഭാവനകൾ നൽകുമെന്നാണ് പ്രതീക്ഷ.

---

**(ഔദ്യോഗിക കുറിപ്പ്)**